"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വീരമൃത്യു വരിച്ച അവിവാഹിതരായ ഭടൻമാരുടെ മാതാപിതാക്കൾക്ക് വസ്തു നികുതിയിൽ ഇളവ് നൽകികൊണ്ട് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പ്**

സ.ഉ.(കൈ) നം.130/2025/LSGD തീയതി,തിരുവനന്തപുരം, 04-08-2025

---

പരാമർശം:-

1. 1.1.2005 ലെ സ.ഉ.(എം.എസ്) നം.3/2005/തസ്വഭവ നമ്പർ ഉത്തരവ്
2. 2.7.2013 ലെ സ.ഉ.(എം.എസ്) നം.242/2013 /തസ്വഭവ നമ്പർ ഉത്തരവ്
3. 26.05.2017-ലെ സ. ഉ (കൈ) നം. 106/2017/തസ്വഭവ നമ്പർ ഉത്തരവ്

4 25.11.2019 ലെ സ. ഉ (കൈ) നം. 150/2019/തസ്വഭവ നമ്പർ ഉത്തരവ്

5 20.02.2021 ലെ സ. ഉ (കൈ) നം. 60/2021/തസ്വഭവ നമ്പർ ഉത്തരവ്

6 07.07.2023 ലെ സ.ഉ.(കൈ) നം. 40/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

7 സെൻട്രൽ റിസർവ് പോലിസ് ഫോഴ്സ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ 2025 മാർച്ച് മാസത്തിലെ W-V-1/2025-EC-VII(Martyr) നമ്പർ കത്ത്.

8 പ്രിൻസിപ്പൽ ഡയറക്ടറുടെ 25.06.2025 ലെ LSGD/PD 17348/2025-REV2 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ വിമുക്ത ഭടന്മാരെയും അവരുടെ ഭാര്യമാരെയും/വിധവകളെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വസ്തു നികുതി അടക്കുന്നതിൽ നിന്നും ഒഴിവാക്കി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. കോസ്റ്റ്ഗാർഡിൽ നിന്നും വിരമിച്ച ഭടന്മാർക്ക് (Retired Indian Coast Guard Personnel)/വിരമിച്ച ഭടന്മാരുടെ ഭാര്യമാർക്കും/വിധവകൾക്കും പരാമർശം 4 പ്രകാരം വസ്തു നികുതിയിൽ ഇളവ് നൽകിയിരുന്നു. പ്രസ്തുത ഇളവ് ബി.എസ്.എഫ് സി.ആർ.പി.എഫ്. സി.ഐ.എസ്.എഫ്, ഐ.ടി.ബി.പി. എസ്.എസ്.ബി. എന്നീ കേന്ദ്ര സായുധ പോലീസ് സേനാ വിഭാഗങ്ങളിൽ നിന്നും വിരമിച്ച ഭടന്മാർക്കും (Ex-CAPF Personnel) / വിരമിച്ച ഭടന്മാരുടെ ഭാര്യമാർക്കും/വിധവകൾക്കും പരാമർശം 5 പ്രകാരം ലഭ്യമാക്കിയിരുന്നു.

വിമുക്ത ഭടന്മാരുടെ ഭവനങ്ങളുടെ വസ്തു നികുതിയിളവ് സംബന്ധിച്ച നിബന്ധനകൾ/മാനദണ്ഡങ്ങൾ പരാമർശം 1,2,3,4,5,6 എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

വീരമൃത്യു വരിച്ച അവിവാഹിതരായ ഭടൻമാരുടെ മാതാപിതാക്കളെ കൂടി വസ്തു നികുതിയിൽ

നിന്നും ഒഴിവാക്കണമെന്ന് സെൻ്ററൽ റിസർവ് പോലിസ് ഫോഴ്സ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ പരാമർശം 7 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. വീരമൃത്യു വരിച്ച അവിവാഹിതരായ സൈനികരുടെ മാതാപിതാക്കളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കേണ്ട വിഷയമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 8 പ്രകാരം അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശങ്ങളിലെ ഉത്തരവുകളിലെ നിബന്ധനകൾ/മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, വീരമൃത്യു വരിച്ച അവിവാഹിതരായ ഭടൻമാരുടെ മാതാപിതാക്കൾക്ക് കൂടി വസ്തു നികുതി ഇളവ് നൽകികൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
4. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
8. ഇൻസ്പെക്ടർ ജനറൽ, സെൻ്ററൽ റിസർവ് പോലിസ് ഫോഴ്സ്, പള്ളിപ്പുറം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/206/2025 -തസ്വഭവ

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 05-08-2025 11:36:12

സെക്ഷൻ ഓഫീസർ